# കേരള നിയമസഭ
# 26.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 26, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 320)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 3891 മുതൽ 4044 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 4045 മുതൽ 4118 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 4119 മുതൽ 4152 വരെ |
| പട്ടികജാതി–പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 4153 മുതൽ 4210 വരെ |

## സി.എസ്.എസ്. ഇനത്തിൽ ലഭിച്ച തുക

3891 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 –13 ൽ 100 % സി.എസ്.എസ്. ഇനത്തിൽ ആരോഗ്യ വകുപ്പിന് ലഭിച്ച 299.14 കോടി രൂപയിൽ 230.60 കോടി മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ച വ്യാധികളും പനിയും മൂലം കേരളത്തിലെ മനുഷ്യർ മരിക്കുന്ന സാഹചര്യത്തിൽ ആയത് ഗുരുതരമായ വീഴ്ചയായി കരുതുന്നുണ്ടോ;

(സി) എന്തുകൊണ്ടാണ് തുക ചെലവഴിക്കാത്തത് എന്നതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്</u>

3892 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് സ്വകാര്യ ചികിത്സ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) അനുവാദം നൽകിയിട്ടില്ലെങ്കിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് നിയമ വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

**ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിന്റെ ഗുണദോഷങ്ങൾ**

3893 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പഠനത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയം</u>

3894 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് സമഗ്ര ആരോഗ്യ നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആരോഗ്യ നയത്തിന്റെ കരട് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയരൂപീകരണം</u>

3895 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾക്കും, ശുചീകരണ പ്രവർത്തനങ്ങൾക്കും ആരോഗ്യ വകുപ്പ് അനുവദിക്കുന്ന പണവും, പ്രചരണ പരിപാടികളും ലക്ഷ്യം കാണുന്നുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ;

(ബി) ജനങ്ങളുടെ ആരോഗ്യത്തിന് പ്രതികൂലമായി നിൽക്കുന്ന ഘടകങ്ങൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ നേരിടുന്നതിനും പരിഹാരം കാണുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇതിനുള്ള സമഗ്ര ആരോഗ്യ നയം രൂപീകരിക്കുമോ?

കേരള നിയമസഭ
26.06.2013-ലെ മറുപടിക്ക്

വിദ്യാലയ ആരോഗ്യ പദ്ധതി

3896 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടത്തുന്ന വിദ്യാലയ ആരോഗ്യപദ്ധതി അനുസരിച്ച് സംസ്ഥാനത്തെ എത്ര സ്കൂളുകൾക്കാണ് പ്രയോജനം ലഭിക്കുക;

(ബി) അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ വ്യാപകമായി പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം സൗജന്യമായി മരുന്നുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ ആരോഗ്യ സുരക്ഷ</u>

T3897 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി വിദ്യാർത്ഥികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് കുട്ടികളുടെ ആരോഗ്യ സുരക്ഷക്കായി നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളൊന്നും ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**മാനസികാരോഗ്യ കേന്ദ്രങ്ങളെ റഫറൽ കേന്ദ്രങ്ങളാക്കാൻ പദ്ധതി**

3898 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം
,, വി.ഡി. സതീശൻ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളെ റഫറൽ കേന്ദ്രങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രികളിൽ ഇതിനായി ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**പകർച്ചവ്യാധികൾക്കെതിരെ ജനങ്ങളെ ജാഗരൂഗരാക്കുന്നത്**

3899 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പകർച്ചവ്യാധികൾക്കെതിരെ ജനങ്ങളെ ജാഗരൂഗരാക്കാനും, പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഡെങ്കിപ്പനിക്കെതിരെ ഉപയോഗിക്കുന്ന മരുന്നുകളുടെ വിവരം</u>

3900 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനിക്കെതിരെ ഉപയോഗിക്കുന്ന ഡോക്സി സൈക്ക്ളിൻ എന്ന ഗുളിക ഏത് കമ്പനിയിൽ നിന്നാണ് വാങ്ങാറുള്ളത് എന്നറിയിക്കുമോ;

(ബി) ഇത്തവണ കേരളം ഡെങ്കിപ്പനിയുടെ പിടിയിലമർന്നപ്പോൾ ഇതുവരെ എത്ര ഡോക്സി സൈക്ക്ളിൻ ഗുളികകളാണ് വേണ്ടിവന്നത്; ഇത് വിതരണം ചെയ്ത കമ്പനി ഏതാണ്; ഇതിനു ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(സി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഡോക്സി സൈക്ക്ളിൻ എന്ന ഗുളിക ഉൽപ്പാദിപ്പിക്കാറുണ്ടോ; ഈ കമ്പനിയിൽ നിന്ന് കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിൽ വാങ്ങിയ ഡോക്സി സൈക്ക്ളിന്റെ എണ്ണവും തുകയും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

<u>ഡെങ്കിപ്പനി തടയാൻ നടപടികൾ</u>

3901 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡെങ്കിപ്പനി പടർന്നുപിടിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി;

(ബി) ഡെങ്കിപ്പനി തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) എല്ലാ വർഷവും ഡെങ്കിപ്പനി പടർന്നു പിടിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ, ഗവേഷണങ്ങളോ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>ഡെങ്കിപ്പനി</u>

3902 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വ്യാപകമാകുന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന അവശതയും ബുദ്ധിമുട്ടും സർക്കാർ ഗൗരവമായിക്കാണുന്നുണ്ടോ;

(ബി) 2013 ജനുവരി മുതൽ – ഏപ്രിൽ വരെ സംസ്ഥാനത്ത് എത്ര ഡെങ്കിപ്പനികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ തിരുവനന്തപുരത്തുമാത്രം എത്രയെണ്ണം; സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ എത്രയെന്നും പ്രത്യേകം ലഭ്യമാക്കുമോ;

(സി) 2013 ജനുവരി മുതൽ ജൂൺ വരെ സംസ്ഥാനത്ത് എത്ര ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും അതിൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ; ഇതുവരെ എത്ര രോഗികൾ ഡെങ്കിപ്പനിമൂലം മരണമടഞ്ഞുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

ഡെങ്കിപ്പനി ആനുബന്ധ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഗവേഷണ കേന്ദ്രം

3903 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനി ചികിത്സയുടെ ഭാഗമായി ജനങ്ങളിൽ പ്ലേറ്റ്ലറ്റുകളെക്കുറിച്ച് അനാവശ്യ ഭീതി ചില സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡെങ്കിപ്പനി എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് വൈദ്യസമൂഹത്തിനപ്പാടെ പൊതുവായ അഭിപ്രായമില്ലാത്ത അവസ്ഥ ചില സ്വകാര്യ ആശുപത്രികൾ മുതലെടുക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഡെങ്കിപ്പനി സംസ്ഥാനത്ത് കാണപ്പെട്ടു തുടങ്ങി 16 വർഷം പിന്നിട്ടെങ്കിലും ആയത് സംബന്ധിച്ച വിശദമായ പഠന ഗവേഷണങ്ങളൊന്നും തന്നെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടു നടക്കുന്നില്ല എന്നത് സംബന്ധിച്ച വിശദീകരണം നൽകുമോ;

(ഡി) അടിയന്തരമായി ഡെങ്കിപ്പനി അനുബന്ധ ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പഠനഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് തയ്യാറാകുമോ;

(ഇ) അത്തരത്തിലൊരു പഠനഗവേഷണ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(എഫ്) ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾഫ്രീനമ്പർ ഹെൽപ്പ്ലൈൻ ഇത്തരം പകർച്ചപ്പനികളുടെയും അനുബന്ധ ആരോഗ്യപ്രശ്നങ്ങളുടെയും സംശയനിവാരണത്തിനായി ആരംഭിക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>മൃതസഞ്ജീവനി പദ്ധതി</u>

3904 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക്കമരണം സംഭവിക്കുന്നവരുടെ അവയവം ദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള മൃത സഞ്ജീവനി പദ്ധതി പ്രകാരം അവയവം ദാതാവിൽ നിന്നും എടുക്കാനുള്ള ശസ്ത്രക്രിയയുടെ ചെലവ് ദാതാവാണോ, സ്വീകർത്താവാണോ, വഹിയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പനിബാധിച്ച് മരണപ്പെട്ടവർ</u>

3905 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനിബാധിച്ച് 2013 ജനുവരിമാസം മുതൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിൽ പനി ബാധിച്ച് മരിച്ചവർ ആരൊക്കെയാണ്; ഇവർ ഏതൊക്കെ പഞ്ചായത്തിൽപ്പെട്ടവരാണ്; വിശദാംശം നൽകുമോ;

(സി) പനി ബാധിച്ച് മരിച്ചവർക്ക് എന്തെങ്കിലും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>വിവിധതരം പനികൾ ബാധിച്ച് മരണപ്പെട്ടവർ</u>

3906 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ മുതൽ ജൂൺ 15 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം നഗരാതിർത്തിയിൽ എത്ര പേർ ഇപ്രകാരം മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ</u>

3907 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്ത ഏതെല്ലാം രോഗങ്ങളാണ് വീണ്ടും കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഇവ വീണ്ടും കേരളത്തിൽ ബാധിക്കാനുണ്ടായ കാരണത്തെ സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അവയവ ദാന ചട്ടങ്ങൾ</u>

3908 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാന ചട്ടങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ചട്ടങ്ങളിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>അവയവദാനം</u>

3909 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളും സൂപ്പര്‍ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും വഴി എന്തെല്ലാം പരിപാടികളാണ് നടത്തിവരുന്നത്;

(ബി) പ്രസ്തുത സംരംഭത്തിനായി സംസ്ഥാന വ്യാപകമായി ഒരു പ്രചരണ ബോധവല്‍കരണ പരിപാടി നടപ്പിലാക്കാമോ?

## കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

അവയവ ദാന ശസ്ത്രക്രീയക്കുള്ള ചെലവ്

3910 ശ്രീ.ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക്ക മരണം മൂലം നടക്കുന്ന അവയവ മാറ്റി വെയ്ക്കൽ ശസ്ത്രക്രീയക്ക് സംസ്ഥാനത്തുള്ള ഓരോ ആശുപത്രികളും, വ്യത്യസ്ത തരത്തിലുള്ള ചാർജ്ജുകളാണ് ഈടാക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ശസ്ത്രക്രീയ ചിലവ് ഏകീകരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മസ്തിഷ്കമരണം സംഭവിക്കുന്നവരുടെ അവയവദാനം</u>

3911 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര പേർക്ക് മസ്തിഷ്കമരണം സംഭവിക്കുന്നുണ്ട് എന്നും മസ്തിഷ്കമരണം സംഭവിച്ചാൽ, അവയവം ദാനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ ആശുപത്രികൾ കേന്ദ്രീകരിച്ചും, വിദ്യാഭ്യാസ - യുവജനക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് സ്കൂൾ - കോളേജുതലത്തിലും വലിയ തോതിൽ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പട്ടിണിയും പോഷകാഹാരക്കുറവും</u>

T3912

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടിണിയും പോഷകാഹാരക്കുറവും മൂലം എത്ര ശിശുമരണങ്ങൾ നടന്നു;

(ബി) 2011-12, 2012-13 കാലഘട്ടത്തിൽ എത്ര ശിശുമരണം നടന്നു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ; മരണമടഞ്ഞ കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്ക് എത്ര രൂപ വീതം സർക്കാർ ധനസഹായം നല്കി; വിശദമാക്കാമോ;

(സി) നിരന്തര ശിശുമരണങ്ങൾ നടന്നതിനെതുടർന്ന് ഏതെല്ലാം കേന്ദ്രമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ എന്നിവർ അട്ടപ്പാടി സന്ദർശിച്ചു;

(ഡി) എന്തെല്ലാം പാക്കേജുകൾ പ്രഖ്യാപിച്ചു;

(ഇ) ഏതെല്ലാം നടപ്പിലാക്കി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഇ-ഹെൽത്ത് പദ്ധതി</u>

3913 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള രൂപരേഖയായിട്ടുണ്ടോ; ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഇ-ഹെൽത്ത് പദ്ധതി</u>

3914

ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മനുഷ്യന്റെ രോഗവിവരങ്ങൾ കമ്പ്യൂട്ടർ ശൃംഖലയിലൂടെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>അമൃതം ആരോഗ്യം പദ്ധതി</u>

3915 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യ അദാലത്തുകൾ നടന്നിട്ടുള്ള ജില്ലകൾ</u>

3916 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഇതുവരെ ആരോഗ്യ അദാലത്തുകൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നടന്ന ആരോഗ്യ അദാലത്തിൽ എത്ര പരാതികൾ ഉന്നയിച്ചെന്നും, അവയിൽ എത്ര പരാതികൾക്ക് ഇതുവരെ പരിഹാരം കണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യ കിരണം പദ്ധതി പ്രകാരം ചികിത്സ നൽകുന്ന രോഗങ്ങൾ</u>

3917 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കിരണം പദ്ധതി പ്രകാരം സംസ്ഥാനത്തെ 18 വയസ്സുവരെയുള്ള കുട്ടികളുടെ ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സയും മരുന്നും സൗജന്യമാക്കിയത്;

(ബി) നിലവിൽ സർക്കാർ ആശുപത്രികളിലെ ചികിത്സ സൗജന്യമായ സാഹചര്യത്തിൽ ആരോഗ്യ കിരണം പദ്ധതി പ്രകാരം എന്തെല്ലാം പ്രത്യേകം സൗകര്യങ്ങൾ ആണ് കുട്ടികൾക്ക് ലഭ്യമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(സി) ആരോഗ്യ കിരണം പദ്ധതിക്കായി 2013-2014 വർഷത്തേക്ക് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്;

(ഡി) ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പ്രത്യേകമായി ഫണ്ട് വല്ലതും അനുവദിച്ചിട്ടുണ്ടോ; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ദുർഘട ഗ്രാമീണ മേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്ക് പരിഗണന</u>

3918 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുർഘട ഗ്രാമീണ മേഖലയിൽ എത്ര പി.എച്ച്.സി കൾ ഉണ്ടെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പി.എച്ച്.സി. കളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ, നഴ്സുമാർ മറ്റ് ജീവനക്കാർ എന്നിവർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) മെഡിക്കൽ പി.ജി. പ്രവേശനത്തിന് ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കുള്ള പരിഗണന ഒഴിവാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പരിഗണന ഒഴിവാക്കിയതു മൂലം ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് ഡോക്ടർമാർക്ക് താല്പര്യം കുറയുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആനുകൂല്യം പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സൗജന്യ ചികിത്സയും പെൻഷൻ പദ്ധതിയും</u>

T3919 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ പാവപ്പെട്ടവർക്കും സൗജന്യ ചികിത്സാ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ ബാധിച്ച പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞത് 5000/- രൂപായെങ്കിലും പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>കാൻസർ രോഗികൾക്ക് നൽകിവരുന്ന സഹായങ്ങൾ</u>

3920 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നല്കുന്ന ഔഷധങ്ങളുടെയും മറ്റും വില നിയന്ത്രിക്കുന്നതിനും ഇവർക്ക് നല്കുന്ന മാസ പെൻഷൻ 5000 രൂപയായി ഉയർത്തുന്നതിനും നടപടികൾ ഉണ്ടാകുമോ;

(സി) കാൻസർ പോലെയുള്ള മാരക രോഗങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം പ്രചാരണങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കാൻസർ വന്ന് അകാലത്തിൽ മരണപ്പെടുന്നവരുടെ 21 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് പഠനത്തിനും ജീവിത ചിലവിനും പ്രത്യേക സാമ്പത്തിക സഹായം നല്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ജീവൻ രക്ഷാ മരുന്നുകൾക്ക് വില വർദ്ധിച്ച കാര്യം</u>

3921 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവൻ രക്ഷാ മരുന്നുകൾക്ക് അടുത്ത നാളുകളിൽ ക്രമാതീതമായി വില വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിലെ കൺസൾട്ടൻസി ഏജൻസികൾ</u>

3922 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യവകുപ്പിലെ ഏതെല്ലാം പദ്ധതികൾ കൺസൾട്ടൻസി ഏജൻസികൾ വഴി നടപ്പിലാക്കുന്നുവെന്നും ഏജൻസികൾ ആരെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസി ഏജൻസികൾക്ക് പ്രതിഫലയിനത്തിൽ നൽകേണ്ടതോ നൽകിയതോ ആയ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) മേൽപദ്ധതികളിൽ ഏതിലെങ്കിലും പദ്ധതി നിർവ്വഹണത്തിനുമുമ്പ് തുക പ്രാഥമിക ഫീസായി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

## അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

3923 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് സഞ്ചരിക്കുന്ന കണ്ണ് പരിശോധനാ യൂണിറ്റുകൾ നിലവിലുള്ളത്; ഇവിടങ്ങളിൽ ഓഫീസും ജീവനക്കാരേയും ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) സ്വന്തമായി വാഹനങ്ങളില്ലാത്ത യൂണിറ്റുകൾക്ക് വാഹനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സഞ്ചരിക്കുന്ന കണ്ണാശുപത്രികൾ മുഖേന തിരഞ്ഞെടുക്കപ്പെടുന്ന തിമിര രോഗികൾക്ക് ശസ്ത്രക്രിയകളും, മരുന്നുകളും സൗജന്യമായി ലഭിക്കുന്നുണ്ടോ;

(ഡി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ആവശ്യത്തിന് ഒപ്റ്റോമെട്രിസ്റ്റുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ അവരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തിനാധാരമായ പ്രശ്നങ്ങൾ

3924 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ജെയിംസ് മാത്യൂ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ കാസർഗോഡ് നടത്തിയ സമരത്തിനാധാരമായി ഉന്നയിച്ച പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കുമോ;

(സി) ദുരിതബാധിതർ ഉന്നയിച്ച ഏതൊക്കെ ആവശ്യങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ നടപ്പാക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ; ഇതിനായി നീക്കിവച്ചിരിക്കുന്ന തുകയും ചെലവഴിച്ച തുകയും എത്രയാണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>എൻഡോസൽഫാൻ ദുരിതബാധിതരുടെ ലിസ്റ്റ്</u>

T3925 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എൻഡോസൽഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ പുതുതായി എത്ര പേരെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അർഹതയില്ലാത്ത എത്ര പേർ ഈ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുതുക്കിയ ലിസ്റ്റ്</u>

T3926 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുതുക്കിയ ലിസ്റ്റ് പ്രകാരം എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ലിസ്റ്റിൽ അർഹതയില്ലാത്ത എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഫാർമസിസ്റ്റുകളുടെ സേവനം**

3927 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഫാർമസിസ്റ്റുകളുടെ സേവനം അനിവാര്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ രോഗികളുടെയും ഫാർമസിസ്റ്റുകളുടെയും അനുപാതം എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് ക്ലാസ്-IV ജീവനക്കാരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇതുമൂലം സംഭവിച്ചേക്കാവുന്ന അപകടത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഫാർമസിസ്റ്റുകളുടെ ആവശ്യമായ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ലാബുകൾ ഈടാക്കുന്ന പരിശോധന തുക</u>

3928 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിലെ വിദഗ്ദ്ധ പരിശോധനകൾക്ക് ലാബുകൾ ഈടാക്കുന്ന പരിശോധന തുക നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് വിരുദ്ധമായി സർക്കാർ ആശുപത്രികളിൽ ആശുപത്രി വികസന സമിതികളും മറ്റു അനുബന്ധ സ്ഥാപനങ്ങളും വൻ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിലും ആശുപത്രികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലും പരിശോധനയ്ക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് പരസ്യപ്പെടുത്തുവാനും ആയത് ശരിയായ വിധത്തിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ജോലി ചെയ്യുന്ന കുറ്റക്കാരായി കണ്ടെത്തിയ എത്ര പേർക്ക് എതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ആകെ അവശ്യം വേണ്ട ജീവനക്കാരുടെ എണ്ണമെത്ര; ആയതിൽ എത്രപേരുടെ കുറവ് നിലവിലുണ്ട്; പനി/അനുബന്ധ രോഗികൾ കൂടുതൽ എത്തുന്ന സാഹചര്യത്തിൽ ഇത്തരം ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) സർക്കാർ ലാബുകളിൽ പ്രവൃത്തിസമയത്ത് ഹാജരുള്ള ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടെന്ന് ഉറപ്പാക്കാനും രോഗികളോട് മാന്യമായി പെരുമാറുന്നുണ്ടെന്ന് പരിശോധിക്കാനും എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കേരള നിയമസഭ
26.06.2013–ലെ മറുപടിക്ക്

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദവി ഉയർത്തപ്പെട്ട ആശുപത്രികൾ</u>

3929

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ആശുപത്രികളെ താലൂക്ക് ആശുപത്രി പദവിയിലേയ്ക്ക് ഉയർത്തുകയുണ്ടായി;

(ബി) പ്രസ്തുത ആശുപത്രികളിൽ ഏതെങ്കിലും ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ പദവി ഉയർത്തപ്പെട്ട് താലൂക്ക് ആശുപത്രികളാക്കിയ ആശുപത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനും അതിനനുസരിച്ച് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മരുന്നു പരീക്ഷണം</u>

3930

ശ്രീ. സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരുന്നു പരീക്ഷണത്തെ കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച രാജശേഖരൻ പിള്ള കമ്മിറ്റിയുടെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഒരു സ്വകാര്യ സ്ഥാപനം 600 പേരെ മരുന്നു പരീക്ഷണത്തിന് വിധേയമാക്കിയിരുന്നു എന്ന വാർത്ത ഗൗരവത്തിലെടുത്തിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഡ്രഗ്സ് കൺട്രോളർ ഓഫ് ഇന്ത്യയുടെ നിബന്ധന അനുസരിച്ചും അംഗീകാരത്തോടെയുമായിരുന്നോ മരുന്നു പരീക്ഷണം നടത്തിയത്; അല്ലാത്തവരുടെ പ്രവർത്തനങ്ങൾ ഉടനടി നിർത്തിവെയ്പിക്കുമോ;

(ഡി) അംഗീകാരമില്ലാതെ മരുന്നു പരീക്ഷണം നടത്തിയവർക്കെതിരെ നരഹത്യ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതുവരെ ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

മരുന്ന് പരീക്ഷണം

3931 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന മരുന്ന് പരീക്ഷണങ്ങളെക്കുറിച്ച് പഠിക്കുവാൻ ശ്രീ. എൻ. രാജശേഖരൻപിള്ള അദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ട സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) മരുന്ന് പരീക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവ നിയമാനുസരണമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണോ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും വിശദമാക്കുമോ;

(സി) നിയമാനുസൃതമായ യാതൊരു മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ മനുഷ്യരുടെ ജീവന് അപകടകരമായ രീതിയിൽ പരീക്ഷണങ്ങൾ നടത്തിവരുന്നതായി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ആ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ കേസുൾപ്പെടെ എടുക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും നിറുത്തിവയ്പ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മനുഷ്യരിലെ മരുന്നു പരീക്ഷണം</u>

3932 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യനിലെ മരുന്നു പരീക്ഷണം സംബന്ധിച്ച അന്വേഷണങ്ങളോട് സ്വകാര്യ ആശുപത്രികളിൽനിന്നും നിസ്സഹകരണം ഉണ്ടാകുന്നുണ്ടോ;

(ബി) ഗ്രാമീണ മേഖലകളിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും മുതലെടുത്ത് മരുന്നു പരീക്ഷണ കേന്ദ്രങ്ങളിൽ ജനങ്ങളെ റിക്രൂട്ട് ചെയ്യുന്ന ഗുരുതര സാഹചര്യം പരിഗണിച്ച് ആയതിന്മേൽ നിയമ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>മൈക്രോബയോളജിസ്റ്റുകളുടെ ഒഴിവ്</u>

3933 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനലറ്റികൽ ലാബിൽ മൈക്രോബയോളജിസ്റ്റുകളുടെ ഒഴിവുകളിൽ താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ഇവർ മൈക്രോബയോളജി ബിരുദം ഉള്ളവരാണോ;

(സി) ഇപ്പോൾ നിലവിലുള്ള മൈക്രോബയോളജിസ്റ്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

തെരുവു നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനെ എതിർക്കുന്ന വാക്സിൻ കമ്പനികൾ

3934 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേവിഷബാധക്കുള്ള വാക്സിൻ വേണ്ടത്ര ചിലവാകുന്നതിനുവേണ്ടി ചില വാക്സിൻ കമ്പനികൾ തെരുവു നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനെ എതിർക്കുന്നതായി വന്ന റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സുപ്രീം കോടതിയിൽ വരെ ഇക്കാര്യത്തിനു കേസ്സ് നടത്തുന്നത് വാക്സിൻ കമ്പനികളാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ആരോപണങ്ങളുടെ നിജസ്ഥിതിയും അതിലെ വസ്തുതകൾ സത്യമാണോ എന്ന കാര്യവും പരിശോധിച്ചിട്ടുണ്ടോ;

(ഡി) സ്വകാര്യ വാക്സിൻ ഉത്പാദകരുടെ ഗൂഢ ലക്ഷ്യങ്ങളെ തോല്പിക്കുവാനും ജനങ്ങളെ പേവിഷ ബാധയിൽ നിന്നും രക്ഷിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന ആശുപത്രി/മൊബൈൽ ഹെൽത്ത് സ്ക്വാഡ്</u>

3935 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും താലൂക്ക് അടിസ്ഥാനത്തിൽ 'സഞ്ചരിക്കുന്ന ആശുപത്രി'/മൊബൈൽ ഹെൽത്ത് സ്ക്വാഡ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിലുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ;

(സി) ഇല്ലായെങ്കിൽ ആയതിലുള്ള സാങ്കേതിക തടസ്സങ്ങളും മറ്റും എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം</u>

3936 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളില്‍ വന്‍ ചികില്‍സാ ചെലവുകള്‍ രോഗികള്‍ക്കു നേരിടേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>മണ്ഡലം ഹോസ്പിറ്റലുകൾ</u>

3937

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഹോസ്പിറ്റലെങ്കിലും (മണ്ഡലം ഹോസ്പിറ്റൽ) ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗ്രാമങ്ങൾ മാത്രം ഉൾക്കൊള്ളുന്ന മങ്കട പോലുള്ള നിയോജക മണ്ഡലങ്ങളിലെങ്കിലും ഹോസ്പിറ്റലുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആർ. സി. സി. യിലെ രോഗികൾക്ക് ആവശ്യമായ രക്തം</u>

3938 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. സി. സി. യിലെ അർബുദരോഗികൾ രക്തത്തിനായി നെട്ടോട്ടമോടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ. സി. സി. യിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്കും, പുതുതായി വരുന്ന രോഗികൾക്കും ആവശ്യമായ പ്ലേറ്റ്ലെറ്റുകൾ നൽകാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) രക്തക്ഷാമം പരിഹരിക്കാൻ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനോ, രക്തബാങ്കിൽ കൂടുതൽ ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനോ ആർ. സി. സി. അധികൃതർ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആർ. സി. സി. യിലെ രക്തക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ബദൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വിഷരഹിത ഭക്ഷണം</u>

T3939 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 'വിഷരഹിത ഭക്ഷണം' പദ്ധതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷണത്തിൽ ഏതളവുവരെ മാലിന്യങ്ങളും, വിഷാംശവും ഉണ്ടാകും; വിശദീകരിക്കുമോ;

(സി) ഭക്ഷണ വസ്തുകളിലെ വിഷാംശം കണ്ടെത്തുന്നതിനുള്ള സംവിധാനം എന്താണ്; വ്യക്തമാക്കുമോ;

(ഡി) വിഷരഹിത ഭക്ഷണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നിന്നും സർക്കാരിന്റെ കീടനാശിനി അവശിഷ്ട വിഭാഗം നടത്തിയ ഭക്ഷണ പരിശോധനയിൽ കേരളത്തിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുകളിൽ ഓരോന്നിലും ഉള്ള വിഷാംശം എത്രയാണെന്ന് വെളിപ്പെടുത്തുമോ; ഇത്രയും അപകടകരമായ ഭക്ഷ്യവസ്തുക്കളിൽ നിന്നും കേരള ജനതയുടെ ജീവൻ രക്ഷിക്കാൻ കണ്ടെത്തിയിട്ടുള്ള പരിഹാരം എന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന കീടനാശിനി കലർന്ന പച്ചക്കറികൾ</u>

3940 ശ്രീ. എസ്. ശർമ്മ
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറികളിൽ മിക്കയിനത്തിലും അപകടകരമാംവിധം കീടനാശിനികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപായകരമായ നിലയിൽ വിഷാംശമുള്ള പച്ചക്കറികൾ സംസ്ഥാനത്ത് വില്ക്കാതിരിക്കാൻ ഭക്ഷ്യസുരക്ഷാ വിഭാഗം എന്തു നടപടി സ്വീകരിച്ചെന്നറിയിക്കുമോ;

(സി) ഇത്തരം പച്ചക്കറികൾ സംസ്ഥാനത്ത് മൊത്ത വില്പന നടത്തുന്നവർക്കും ചില്ലറ വില്പന നടത്തുന്നവർക്കുമെതിരെ ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>രാസവസ്തുക്കൾ കലർന്ന ആഹാരസാധനങ്ങൾ</u>

3941 ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന ആഹാരസാധനങ്ങൾ പിടിച്ചെടുത്തു നശിപ്പിക്കാറുണ്ടോ; ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനാഫലം കിട്ടിക്കഴിയുമ്പോഴേയ്ക്കും ഇവ വിറ്റഴിച്ചു കഴിഞ്ഞിരിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ആക്ഷേപം ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി പ്രയോഗം

T3942 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മാംസം, മത്സ്യം, പച്ചക്കറി എന്നിവയിൽ വൻതോതിൽ മാരക കീടനാശിനി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനെതിരായി എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പഴകിയതും, കീടനാശിനി ഉപയോഗിച്ചതുമായ ഇവയുടെ ഉപയോഗം മനുഷ്യരിൽ പുതിയ പുതിയ അസുഖങ്ങൾക്ക് കാരണമാകുന്നുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനത്തിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഭക്ഷ്യോത്പാദന - വിപണന കേന്ദ്രങ്ങളിലെ പരിശോധന

3943 ശ്രീ.പി. എ. മാധവൻ
'' പാലോട് രവി
'' പി. സി. വിഷ്ണുനാഥ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ പാൽ, മത്സ്യം, മാംസം എന്നിവ ലഭ്യമാക്കുന്നതിന് ഉത്പാദന വിപണന കേന്ദ്രങ്ങളിൽ സമയബന്ധിതമായ പരിശോധനകൾക്കും, കുറ്റക്കാർക്കെതിരെ കർശന നടപടികൾ എടുക്കുവാനും നടപടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ</u>

3944 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വിഷ വസ്തുക്കൾ അടങ്ങിയ ഭക്ഷ്യ വസ്തുക്കൾ</u>

3945 ശ്രീ. സി. മമ്മൂട്ടി
'' പി. ബി. അബ്ദുൾ റസാക്
'' റ്റി. എ. അഹമ്മദ് കബീർ
'' കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറി, ധാന്യങ്ങൾ എന്നിവയിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) അന്യ സംസ്ഥാന മീൻപിടിത്ത കേന്ദ്രങ്ങളിൽ നിന്നും കേരളത്തിലേക്കു കടത്തുന്ന മത്സ്യത്തിൽ, ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ കൂടിയ തോതിലെ സാന്നിദ്ധ്യമുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതു സംബന്ധിച്ചുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) ഇത്തരം വിഷവസ്തുക്കളടങ്ങിയ ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതുകൊണ്ടുണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

മെഡിക്കല്‍ റീ ഇംബേഴ്സ്മെന്റ് അപേക്ഷയിന്മേല്‍ നടപടി

3946 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ എല്‍.ഡി.ക്ലര്‍ക്ക് ശ്രീമതി പ്രീതി പി. പിള്ള മകന്റെ ചികില്‍സാ ചെലവ് തുക റീ ഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതിനുള്ള കൃഷി ഡയറക്ടറേറ്റില്‍ നിന്നും 12/12/2012 ജില്ലാ മെഡിക്കല്‍ ആഫീസര്‍ക്ക് അയച്ച് കൊടുത്ത അപേക്ഷയിലെ നടപടികള്‍ ഏത് ഘട്ടത്തിലായി എന്ന് വിശദമാക്കുമോ;

(ബി) വെരിഫിക്കേഷന്‍ റിപ്പോര്‍ട്ട് ലഭിക്കുകയുണ്ടായോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കില്‍ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതി</u>

3947 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013–ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ</u>

3948 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) പല ജില്ലകളിലും സർക്കാർ മേഖലയിൽ ഡയാലിസിസ് സെന്ററുകൾ ഇല്ലാത്തതുമൂലം വൃക്കരോഗികൾ വൻതുക മുടക്കി പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ട സഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ ജില്ലാ-താലൂക്ക് സർക്കാർ ആശുപത്രികളിലും സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുമോ;

(ഡി) കാരുണ്യ ബെനവലെന്റ് ഫണ്ടിൽനിന്നും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കാൻ സഹായം തേടുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് സൗകര്യം</u>

3949 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഉണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഡയാലിസിസ് മെഷീനുകളുടെ കേടുപാടുകൾ മൂലം എത്ര സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം നിലവിൽ രോഗികൾക്ക് ലഭ്യമാകുന്നില്ല എന്നറിയിക്കുമോ;

(സി) യഥാസമയം മെഷീനുകളുടെ കേടുപാടുകൾ തീർക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ സർക്കാർ ആശുപത്രികൾക്കുണ്ട് എന്നറിയിക്കാമോ;

(ഡി) ഡയാലിസിസ് മെഷീനുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാത്തതിനാൽ വർഷങ്ങളായി ഉപയോഗശൂന്യമായിപ്പോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലായെങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ ഒരു അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഡയാലിസിസ് സൗകര്യമുള്ള ജില്ലാ ആശുപത്രികൾ

3950 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണെന്നുള്ള വിവരം അറിയിക്കുമോ;

(ബി) താലൂക്ക് ആശുപത്രികളിൽക്കൂടി ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് ഒരു ഡയാലിസിസ് യൂണിറ്റെങ്കിലും പ്രത്യേകമായോ ഗവ. ആശുപത്രികളോടനുബന്ധിച്ചോ പ്രവർത്തിപ്പിക്കുന്നതിന് ആലോചിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ്

3951 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എത്ര യൂണിറ്റാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഇവിടെ നിയമിക്കുന്ന ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

3952 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറനാട് ലെപ്രസി സാനിട്ടോറിയം ആശുപത്രിയിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചു; എത്ര ജീവനക്കാരെ സ്ഥലം മാറ്റി; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) ചുനക്കര സി.എച്ച്.സി യിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

ഫാസ്റ്റ് ഫുഡുകളുടെ അമിതോപയോഗം

T3953 ശ്രീ. പി. ഉബൈദുള്ള
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് ഫുഡുകളുടെ അമിതോപയോഗം വിവിധ രോഗങ്ങളുടെ വർദ്ധനവിനു കാരണമാണെന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഫാസ്റ്റ് ഫുഡിൽ വ്യാപകമായി ഉപയോഗിക്കുന്ന അജിനോമോട്ടോ എന്ന രാസപദാർത്ഥവും, അതുപോലുള്ള മറ്റു കൃത്രിമ വസ്തുക്കളും ഹാനികരമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ ഫാർമസികൾ</u>

3954 ശ്രീ.റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ ഫാർമസികൾ എത്രത്തോളം വിജയകരമായിരുന്നു; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത ഫാർമസികളുടെ പ്രവർത്തനം മരുന്ന് വിപണിയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനം നിലവിൽ എത്ര ആശുപത്രികളിൽ ലഭ്യമാണ്; ആയത് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപ്പു സാമ്പത്തിക വർഷം എത്ര ഫാർമസികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>എൻ. പി. പി.എ പ്രകാരം വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള മരുന്നുകൾ</u>

3955 ശ്രീ.കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ്ങ് അതോറിറ്റി (എൻ. പി. പി. എ) പ്രകാരം വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള മരുന്നുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കാൻസർ രോഗ ചികിൽസക്കുള്ള മരുന്നുകളിൽ ഇപ്രകാരം വിലനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുന്നതിന് സർക്കാരിന് എന്തെല്ലാം ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എം മുഖേന നിയമിക്കപ്പെട്ടവർക്ക്
ലഭിക്കേണ്ട ആനുകൂല്യങ്ങൾ</u>

3956 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം മുഖേന സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നവർക്ക്, സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന അവധികൾ ബാധകമാണോ;

(ബി) എൻ. ആർ. എച്ച്. എം മുഖേന നിയമിക്കപ്പെട്ട ജീവനക്കാർക്ക് ബാധകമായിട്ടുള്ള അവധികൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ;

(സി) സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ആറ് ദിവസത്തെ നൈറ്റ് ഡ്യൂട്ടിക്ക് ശേഷം അനുവദിക്കുന്ന നൈറ്റ് ഓഫ്, ഡേ ഓഫ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാൻ പ്രസ്തുത ജീവനക്കാർക്ക് അർഹതയുണ്ടോ; എങ്കിൽ ഇവ അനുവദിക്കാത്ത ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) എൻ. ആർ. എച്ച്. എം ജീവനക്കാർക്ക് ബാധകമായിട്ടുള്ള അവധികളും, ഡ്യൂട്ടി ഓഫുകളും സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇവ ജീവനക്കാർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ എൻ്. ആർ. എച്ച്. എം. നടത്തിയ ഓഡിറ്റിംഗ്

3957 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2006 മുതൽ 2010 വരെയുള്ള കാലയളവിൽ എൻ. ആർ. എച്ച്.എം. തിരുവനന്തപുരം ജില്ലാ പ്രോഗ്രാം മാനേജരായി ജോലി നോക്കിയിരുന്നവർ ആരെല്ലാം; പ്രസ്തുത കാലയളവിൽ എൻ. ആർ. എച്ച്.എം. തിരുവനന്തപുരം ജില്ലയിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗവേഷണ മാർക്കറ്റിംഗ് പഠനം</u>

3958

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മരുന്നുകളുടെ വിശദമായ ഗവേഷണ മാർക്കറ്റിംഗ് പഠനത്തിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ പ്രവർത്തനം വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടി ആദിവാസി മേഖലയിൽ കണ്ടെത്തിയിട്ടുള്ള പ്രധാന രോഗങ്ങൾ</u>

3959 ശ്രീ.എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ വിളർച്ചയ്ക്ക് പുറമെ കണ്ടെത്തിയിട്ടുള്ള മറ്റ് പ്രധാന രോഗങ്ങൾ ഏതൊക്കെയാണ്; രോഗത്തിന്റെ പേര്, രോഗികളുടെ എണ്ണം, രോഗം കാണപ്പെട്ട ഊര് എന്നിവ സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ രോഗങ്ങൾ പിടിപ്പെട്ട് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ആകെ എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; രോഗത്തിന്റെ പേര്, മരിച്ചവരുടെ എണ്ണം, ഊരിന്റെ പേര് എന്നിവ സഹിതം വിവരങ്ങൾ നൽകുമോ;

(സി) ഈ രോഗങ്ങൾ പിടിപെട്ടവർക്ക് നൽകി വരുന്ന ചികിത്സ അടക്കമുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഫീൽഡ് ജീവനക്കാരുടെ സ്ഥലം മാറ്റം</u>

3960 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫീൽഡ് വിഭാഗം ജീവനക്കാരുടെ സ്ഥലം മാറ്റം പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി യെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**'ഡിഫിക്കൽറ്റ് റൂറൽ ഏരിയ'യിലെ സർക്കാർ ഡോക്ടർമാർക്ക് അനുവദിച്ച ബത്തകൾ**

3961 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഡിഫിക്കൽറ്റ് റൂറൽ ഏരിയ' കളിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഡോക്ടർമാർക്ക് എന്തൊക്കെ ബത്തകളാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ബത്തകൾ ഇവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിലെ ഡോക്ടർമാർക്ക് ഇതിനായി ബത്ത നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ ശമ്പള കമ്മീഷനിൽ പ്രസ്തുത ബത്ത വർദ്ധിപ്പിച്ചിരുന്നോ; ഇപ്പോൾ ഈ ഇനത്തിൽ ലഭിക്കുവാൻ അർഹതയുള്ള തുക എത്രയാണ്;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് അർഹതപ്പെട്ട ബത്ത ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

<u>കൊതുകു നിർമ്മാർജ്ജന പ്രവർത്തനങ്ങൾ</u>

3962 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമാകുന്ന ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിലേക്കായി കൊതുകു നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുവാനായി ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഡെങ്കി വൈറസുകൾ മാരകാവസ്ഥയിലേക്ക് രൂപം മാറുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ വെക്ടർ കൺട്രോൾ യൂണിറ്റ്</u>

3963 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മന്ത് ബാധിതരുള്ള ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് വർക്കർ തസ്തികയിലെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഫലപ്രദമായി കൊതുകു ജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന് മലപ്പുറം ജില്ലയിൽ പുതുതായി വെക്ടർ കൺട്രോൾ യൂണിറ്റിന് കീഴിൽ ഫീൽഡ് സ്റ്റേഷനുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>കൊതുക് നിവാരണം</u>

3964 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓടകളിൽ കൊതുകുകൾ പെറ്റുപെരുകുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓടകളിലെ പ്രാണികളെ നശിപ്പിക്കാൻ കടൽ വെള്ളം ഒഴുക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവാദം നൽകുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>മരുന്നു വിതരണം</u>

3965 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായി വരുന്ന മരുന്നുകൾ നൽകുവാൻ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുളളത്;

(ബി) പി.എച്ച്.സി. ഉൾപ്പെടെയുളള ആശുപത്രികളുടെ ആവശ്യത്തിലേയ്ക്ക് വാങ്ങുന്ന മരുന്നുകൾ കാരുണ്യ മെഡിക്കൽസിൽ നിന്നായിരിക്കണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പ്രമേഹരോഗികൾക്കുളള ഇൻസുലിൻ ഏകദേശം 50 രൂപയും 'കാരുണ്യാ മെഡിക്കൽ'സിൽ നിന്നും വാങ്ങുമ്പോൾ 140 രൂപാ വരെയും വില വാങ്ങുകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിവാക്കുമോ;

(ഡി) സാധാരണ ജനങ്ങൾക്ക് സൗജന്യമരുന്ന് ലഭ്യമാക്കുവാനുളള അവസരം മേൽനടപടികൾ നിമിത്തം സാദ്ധ്യമാകാതെ വരുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

എല്ലാ ഗ്രാമപഞ്ചായത്തിലും പി.എച്ച്.സി. സ്ഥാപിക്കാനുള്ള നടപടി

3966 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പി.എച്ച്.സി. കൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പി.എച്ച്.സി.കൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പി.എച്ച്.സി.കൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നരിക്കുനി, കൊടുവള്ളി സി.എച്ച്.സികളിൽ ഡോക്ടർ മാരുടെ അപര്യാപ്തത</u>

3967 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരായ വളരെയധികം രോഗികൾക്ക് ആശ്രയമായ നരിക്കുനി, കൊടുവള്ളി സി.എച്ച്.സികളിൽ ഡോക്ടർമാരുടെഅപര്യാപ്തത മൂലം അനുഭവപ്പെടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ ഓരോ ഡോക്ടർമാരെ കൂടി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സി.എച്ച്.സികളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

<u>മലപ്പുറം ജില്ലയിൽ പി.എച്ച്.സി.കൾ തുടങ്ങാൻ നടപടി</u>

3968 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പി.എച്ച്.സി.കളില്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര;

(ബി) എങ്കിൽ അവിടങ്ങളിൽ പി.എച്ച്.സി.കൾ തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സാമ്പത്തികവർഷം തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ശാഖ സ്ഥാപിക്കണമെന്ന ആവശ്യം

3969 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ സ്ഥലത്ത്, ആശുപത്രിയുടെ ആവശ്യം കഴിച്ചുള്ള ഭാഗത്ത്, ബജറ്റിൽ പ്രഖ്യാപിച്ച മദ്ധ്യകേരളത്തിൽ ഒരു കാൻസർ ആശുപത്രി, ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ശാഖ എന്നീ വികസന പ്രവർത്തനങ്ങളിൽ ഒന്ന് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തിലെ എന്‍.സി.ഡി ക്ലിനിക്കുകള്‍</u>

3970 ശ്രീ.എസ്.ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എന്‍.സി.ഡി ക്ലിനിക്കുകളില്‍ ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തതിനാല്‍ ജനം ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;എങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിന്‍ മണ്ഡലത്തിലെ എന്‍.സി.ഡി ക്ലിനിക്കുകളില്‍ രജിസ്റ്റര്‍ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇത്തരത്തില്‍ രജിസ്റ്റര്‍ ചെയ്ത രോഗികള്‍ക്ക് സൗകര്യപ്രദമായ ഹെല്‍ത്ത് സെന്ററുകളില്‍ നിന്നും മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുന്നംകുളം താലൂക്ക് ആശുപത്രിയ്ക്ക് എൻ.ആർ.എച്ച്.എം ഫണ്ട് മുഖേന അനുവദിച്ച തുക</u>

3971 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയ്ക്ക് 2012-13 സാമ്പത്തിക വർഷത്തിൽ എൻ.ആർ.എച്ച്.എം ഫണ്ട് മുഖേന എത്ര രൂപ അനുവദിച്ചു; അത് ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പുതിയ ഡിസ്പൻസറികൾ</u>

3972 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ എത്ര പുതിയ ഡിസ്പൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>ആശാവർക്കർമാരുടെ ശമ്പള കുടിശ്ശിക</u>

3973 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാർക്ക് എത്ര രൂപയാണ് ശമ്പളം നൽകുന്നത്; അറിയിക്കുമോ;

(ബി) നാളിതുവരെ നൽകാനുള്ള ശമ്പള കുടിശ്ശിക എത്രയാണ്;

(സി) എന്തുകൊണ്ടാണ് ശമ്പളം കുടിശ്ശികയായത്; വിശദമാക്കുമോ;

(ഡി) ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>ആശാവര്‍ക്കര്‍മാരുടെ അലവന്‍സ് വര്‍ദ്ധിപ്പിക്കല്‍</u>

3974 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആശാവര്‍ക്കര്‍മാര്‍ക്ക് ഇപ്പോള്‍ നല്‍കിവരുന്ന അലവന്‍സ് പ്രതിമാസം എത്ര രൂപയാണ്; വ്യക്തമാക്കുമോ;

(ബി) ആശാവര്‍ക്കര്‍മാരുടെ പ്രസ്തുത അലവന്‍സ് വര്‍ദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ ലബോറട്ടറി പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ്</u>

3975 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറി പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് ആവശ്യമാണോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ ലബോറട്ടറികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

നെടുങ്ങോലം ആശുപത്രിക്കെട്ടിടത്തിന് എൻ.ആർ.എച്ച്.എം.ന്റെ ഫണ്ട്

3976 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ: താലൂക്ക് ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>ചേർത്തല താലൂക്ക് ആശുപത്രി വികസനം</u>

3977 ശ്രീ.പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അൻപത് വർഷങ്ങൾക്കു മുമ്പുള്ള ബഡ്സ്ട്രെങ്താണ് ഇപ്പോഴും ഉള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ദേശിയാംഗീകാരം ലഭിച്ച രാജ്യത്തെ ആദ്യത്തെ താലൂക്ക് ആശുപത്രി എന്ന നിലയിൽ ചേർത്തല ആശുപത്രിയുടെ പ്രാധാന്യം പരിഗണിച്ചും ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ബഡ്സ്ട്രെങ്ത് നൂറെണ്ണം കൂടിയെങ്കിലും വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ പുതുതായി നിർമ്മിച്ചിട്ടുള്ള ട്രോമാ കെയർ യൂണിറ്റിലേക്ക് ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ പനി പ്രതിരോധ പ്രവർത്തനങ്ങൾ

3978 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) അന്യ സംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാനത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി, എലിപ്പനി ബാധിതരുടെ എണ്ണം</u>

3979 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) രോഗം ബാധിച്ച് ജില്ലയിലെ വിവിധ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് വിധേയരായ രോഗികളുടെ എണ്ണം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പനി ബാധിച്ചവരുടെ എണ്ണം</u>

3980 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മെയ് മാസത്തിലും അതിനുശേഷവും എത്ര പേർക്ക് പനിബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള പനിയാണ് ബാധിച്ചതെന്നും ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വൈക്കത്ത് പനി ബാധിച്ചവർ</u>

3981 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചവരായി കണ്ടെത്തിയിട്ടുള്ളവർ എത്രയെന്നും ഇതിൽ വൈക്കം നിയോജകമണ്ഡലപരിധിയിൽ രോഗം ബാധിച്ചവരായും പനി ബാധിതരെന്ന് സംശയിക്കപ്പെടുന്നവരുടെയും എണ്ണം ഒരോ പി.എച്ച്.സി തിരിച്ച് വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലപരിധിയിലുള്ള പ്രദേശങ്ങളിൽ ഡെങ്കിപ്പനിയല്ലാതെ മറ്റേതൊക്കെ പകർച്ച വ്യാധികൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തവണ വൈക്കം മണ്ഡലത്തിൽ കണ്ടെത്തിയ പനി ബാധിതരുടെ എണ്ണത്തിൽ മുൻ വർഷത്തേതിൽ നിന്നും എത്രത്തോളം വർദ്ധനവുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>പകർച്ചപ്പനി നേരിടുന്നതിന് ആലപ്പുഴ ജില്ലയിൽ സ്വീകരിച്ച നടപടികൾ</u>

3982 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നേരിടുന്നതിന് ആലപ്പുഴ ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഉൾപ്പെടെ ജീവനക്കാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് തസ്തികതിരിച്ച് വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ, ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഉൾപ്പെടെ ജീവനക്കാരുടെ എത്ര ഒഴിവുകളാണുള്ളത് എന്ന് ആശുപത്രിയും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിലെയും ജില്ലയിലെ ആശുപത്രികളിലെയും ജീവനക്കാരുടെ ഒഴിവുകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ മഴക്കാലപൂര്‍വ്വ ശുചീകരണ പ്രവര്‍ത്തനങ്ങള്‍</u>

3983 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഴക്കാലപൂര്‍വ്വ ശുചീകരണപ്രവര്‍ത്തനങ്ങളുടെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തില്‍ ആലപ്പുഴ നഗരസഭ, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, പുറക്കാട് ഗ്രാമപഞ്ചായത്തുകളില്‍ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇവിടങ്ങളില്‍ ആവശ്യമായ ആരോഗ്യപ്രവര്‍ത്തകരെ നിയോഗിച്ചിട്ടുേ ാ;

(സി) ഇവിടങ്ങളില്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുള്ള പകര്‍ച്ചവ്യാധികളും ജലജന്യരോഗങ്ങളും ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇവയെ പ്രതിരോധിക്കാന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിൽ മഴക്കാലപൂർവ്വ വ്യാധികൾ</u>

3984 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും മറ്റുമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത് എന്നും അറിയിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ഓരോ പഞ്ചായത്തിനും/ മുനിസിപ്പാലിറ്റിക്കും എത്ര തുക വീതമാണ് നൽകിയത്; വിശദാംശം നൽകാമോ;

(സി) അട്ടപ്പാടി ആദിവാസി മേഖലയ്ക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കിയോ; എത്ര രൂപ അനുവദിച്ചു;

(ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ എത്ര ആരോഗ്യ കേന്ദ്രങ്ങൾ ഉ ്; ഹോമിയോ, ആയുർവ്വേദം, അലോപ്പതി എന്നിവയുടെ എണ്ണം പ്രത്യേകം പ്രത്യേകം നൽകാമോ;

(ഇ) ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി എന്നിവയിൽ ആകെ എത്ര ഡോക്ടർമാരുടെ തസ്തികയാണ് അട്ടപ്പാടി മേഖലയിലുള്ളത്; എത്ര ഒഴിവുകൾ നിലവിലു ്; ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി നടപടി സ്വീകരിച്ചോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>രക്തം സ്വീകരിച്ചതിലൂടെ ബാലികയ്ക്ക് എച്ച്.ഐ.വി. ബാധിച്ച സംഭവം</u>

T-3985 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിയിൽ നിന്ന് രക്തം സ്വീകരിച്ചതിനെത്തുടർന്ന് മാനന്തവാടി സ്വദേശി 8 വയസ്സുകാരിയ്ക്ക് എച്ച്. ഐ. വി. ബാധിച്ച സംഭവം അന്വേഷിക്കുന്നതിന് പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആരൊക്കെയാണ് സംഘത്തിൽ ഉള്ളത്; അന്വേഷണം എന്നാണ് ആരംഭിച്ചത്; അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; സംഘത്തിന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>രക്തം മാറി നൽകിയതു മൂലം രോഗി മരിക്കാനിടയായ സംഭവം</u>

3986 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്തം മാറി നൽകിയതുമൂലം രോഗി മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടു േ ാ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടു േ ാ എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ രക്തം നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു േ ാ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**വാമനപുരം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. കളുടെയും സി.എച്ച്.സി.കളുടെയും എണ്ണം**

3987 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര പി.എച്ച്. സി.കളും സി.എച്ച്.സി.കളുമാണ് പ്രവർത്തിക്കുന്ന തെന്ന് അറിയിക്കുമോ;

(ബി) ഓരോന്നിലും എത്ര രോഗികളെവീതം കിടത്തി ചികി ത്സിക്കുവാൻ കഴിയുമെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഈ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും നിലവി ലുള്ള ജീവനക്കാരുടെ വിവരവും, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരവും വിശദമാക്കാമോ;

(ഡി) രോഗികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ എണ്ണം കൂട്ടുന്നതിന് നടപടി സ്വീകരി ക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഒക്കൽ ഗ്രാമ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം</u>

3988 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഒക്കൽ ഗ്രാമ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിച്ചിട്ടുേ ാ;

(ബി) എങ്കിൽ അനുവദിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മാറഞ്ചേരി സി.എച്ച്.സിയിൽ കിടത്തി ചികിത്സ</u>

3989 ശ്രീ.പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സി.എച്ച്.സിയിൽ കിടത്തി ചികിൽസയില്ലാത്തതു മൂലം ധാരാളം രോഗികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കിടത്തി ചികിൽസ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സി.എച്ച്.സി യ്ക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വിശദമാക്കാമോ;

(സി) മാറഞ്ചേരി സി.എച്ച്.സി യിൽ നിലവിലുള്ള സ്ഥിരം തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സി.എച്ച്.സി ക്കാവശ്യമായ തസ്തികകൾ ഇല്ലെങ്കിൽ അത് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

### വൈക്കത്തെ പ്രൈമറി ഹെല്‍ത്ത് സെന്ററുകളിലെ ഫോഗിംഗ്

3990 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈക്കം നിയോജക മണ്ഡല പരിധിയിലെ ഓരോ പ്രൈമറി ഹെല്‍ത്ത് സെന്ററുകളിലും എത്ര തവണ വീതം ഫോഗിംഗ് നടത്തിയിട്ടുെ ന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥലത്തും എത്ര വീതം ഫോഗിംഗ്മെഷീനുകള്‍ ഉപയോഗിച്ചിട്ടു ്; വെളിപ്പെടുത്തുമോ;

(സി) വൈക്കം നിയോജക മണ്ഡല പരിധിയില്‍ കഴിഞ്ഞ ആറു മാസത്തിനിടയില്‍ കൊതുകു നിവാരണത്തിന് ഫോഗിംഗും സ്പ്രേയിംഗിനുമായി ഉപയോഗിക്കുന്ന മാലത്തിയോണ്‍ വൈരിത്രം, ബൈട്ടക്സ്, അബേറ്റ് തുടങ്ങിയ മരുന്നുകളുടെ എത്രത്തോളം സ്റ്റോക്ക് ഉ ായിരുന്നു എന്നും ഈ കാലത്തിനിടയില്‍ എത്രത്തോളം മരുന്നുകള്‍വാങ്ങിയിട്ടുെ ന്നും ഓരോ പ്രൈമറി ഹെല്‍ത്ത് സെന്ററുകളിലേക്ക് എത്രത്തോളം മരുന്നുകള്‍ വിതരണം ചെയ്തിട്ടുെ ന്നും വെളിപ്പെടുത്തുമോ;

(ഡി) മാലത്തിയോണ്‍ പോലുള്ള മരുന്നുകള്‍ സ്ഥിരമായി ഉപയോഗിക്കുമ്പോള്‍ ജീവനക്കാര്‍ക്കു ാകുന്ന ബുദ്ധിമുട്ടുകളും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ശ്രദ്ധയില്‍പ്പെട്ടിട്ടുേ ാ;

(ഇ) ഫോഗിംഗിനായി ഫീല്‍ഡില്‍ സഞ്ചരിക്കുന്ന ആരോഗ്യ വകുപ്പ് ജീവനക്കാര്‍ക്ക് അഡീഷണല്‍ അലവന്‍സ് നല്‍കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാ

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) വൈക്കം മണ്ഡലത്തിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്ര
ങ്ങളിൽ നിന്നും എത്ര ഫോഗിംഗ് മെഷീനുകളാണ് കേടുപാടുകൾ തീർക്കുന്നതിനായി കൊ ുപോയിട്ടു ള്ളതെന്നും ഇതിൽ എത്ര മെഷീനുകൾ തിരികെ എത്തിച്ചിട്ടു ന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിലെ ആവശ്യങ്ങൾ

3991 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ ജില്ലാ ആശുപത്രിയുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ആശുപത്രിയുടെ ഭൂമിയിൽ ചില കടന്നു കയറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ; ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മതിയായ ഡോക്ടർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ; ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കരയിൽ ഒരു നഴ്സിംഗ് സ്കൂൾ എന്ന പ്രൊപ്പോസൽ നിലവിലുേ ാ; പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ പ്രതിരോധ വാക്സിന്റെ അഭാവം

3992 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടി വിഷബാധയ്ക്കുള്ള പ്രതിരോധ വാക്സിൻ പാലക്കാട് ജില്ലയിലെ മിക്ക സർക്കാർ ആശുപത്രികളിലും ഇല്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുേ ാ;

(ബി) പ്രസ്തുത പ്രതിരോധ വാക്സിൻ ഇല്ലാത്തതു മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുേ ാ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും പ്രതിരോധ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**കൊയിലാ ി നിയോജക മണ്ഡലത്തിൽ പെയിൽ 'N' പാലിയേറ്റിവ് കെയർ യൂണിറ്റുകൾ**

3993 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാ ി നിയോജക മണ്ഡലത്തിൽ പെയിൽ 'N' പാലിയേറ്റിവ് കെയർ യൂണിറ്റുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു ് എന്നും ഓരോ കേന്ദ്രത്തിലും ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടു ് എന്നത് വ്യക്തമാക്കുമോ;

(സി) 2013-2014 ബഡ്ജറ്റിൽ ഈ മേഖലയിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സുമാരുടെ നിയമനം</u>

3994 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് നിയമിക്കുന്നതിനുള്ള പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ എൻ.ആർ.എച്ച്.എം. വഴി നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നതിന് നീക്കമുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

3995 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലും പി.എച്ച്.സി.കളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകളു ന്ന് വ്യക്തമാക്കാമോ; ആറുമാസക്കാലത്തിലധികമായി ഇത്തരത്തിൽ ഒഴിഞ്ഞു കിടക്കുന്ന എത്ര തസ്തികകളു ന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടറെ നിയമിക്കാൻ നടപടി</u>

3996 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെ ജീവനക്കാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകളെത്ര എന്ന് വിശദമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അനസ്തേഷ്യ ഡോക്ടറുടെ സേവനം എപ്പോഴും ലഭ്യമല്ലാത്തതുകൊ ്, ഗൈനക്കോളജി വിഭാഗത്തിൽ സിസേറിയൻ ഉൾപ്പെടെയുള്ള ഓപ്പറേഷനുകൾ സമയബന്ധിതമായി നടത്താൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടു ോ; എങ്കിൽ അതിന്റെ കാരണമെന്താണ്; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് മാത്രമായി സ്ഥിരമായി അനസ്തേഷ്യ ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>വൈക്കത്തെ ആരോഗ്യ വകുപ്പ് ആഫീസുകളിലെ ജീവനക്കാർ</u>

3997 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പിലെ വിവിധ ഓഫീസുകളിലായി ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പകർച്ച വ്യാധികൾ വർദ്ധിക്കുന്ന ഈ അവസരത്തിൽ അധികമായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എൻ.ആർ.എച്ച്.എം വഴി കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ നിയമനം</u>

3998 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ എലിഞ്ഞിപ്ര പി. എച്ച്. സി., സി. എച്ച്. സി. ആക്കി മാറ്റിയിട്ടും ആവശ്യത്തിന് ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കാത്തതും, അടിസ്ഥാന സൗകര്യവികസനം നടപ്പാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട് പി. എച്ച്. സി. യിൽ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടറുടെ തസ്തികയിൽ സ്ഥിരം നിയമനം നടത്തി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ആശുപത്രിയിൽ നഴ്സ്മാരുടെ ഒഴിവുകൾ</u>

3999 ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആശുപത്രിയിൽ നഴ്സുമാരുടെ ഏതെങ്കിലും തസ്തികകൾ അധികമായി സൃഷ്ടിച്ചു ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്കാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013–ലെ മറുപടിക്ക്

കുന്നംകുളം ഗവ. താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ

4000 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവ. താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരം എത്ര ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(സി) ഏതെല്ലാം ഡോക്ടർമാരാണ് അവധിയിൽ പ്രവേശിച്ചിട്ടുള്ളത്;

(ഡി) എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്;

(ഇ) പനി മുതലായ രോഗങ്ങൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് ഡോക്ടർമാരുടെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റ്</u>

4001 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണ്;

(ബി) റാങ്ക് ലിസ്റ്റ് വന്നതിനുശേഷം എത്ര ഒഴിവുകളിലേയ്ക്ക് താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം</u>

4002 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ജില്ലയിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ രാത്രി കാലങ്ങളിൽ ഫാർമസിസ്റ്റുകൾ ഇല്ലാത്ത അവസ്ഥ ഉണ്ടോ;

(സി) എങ്കിൽ ഇതിനെത്തുർന്നുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ സ്ഥലങ്ങളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ സ്പ്രേമെൻ തസ്തിക</u>

4003 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സ്പ്രേമെൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽകാലിക ജീവനക്കാരായി എത്ര പേരെയാണ് മലപ്പുറം ജില്ലയിൽ നിയമിച്ചിരുന്നത് എന്നറിയിക്കാമോ;

(ബി) അവരുടെ നിയമനകാലാവധി എന്നാണ് അവസാനിക്കുന്നത് എന്നറിയിക്കാമോ;

(സി) പകർച്ചവ്യാധികൾ വ്യാപകമാകുന്ന ഈ സാഹചര്യത്തിൽ സ്പ്രേമെൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ കാലാവധി നീട്ടികൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ഡോക്ടർമാർ ഇല്ലാത്ത ഇടുക്കിയിലെ ആശുപത്രികൾ</u>

4004 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഡോക്ടർമാർ ഇല്ലാത്ത എത്ര ആരോഗ്യകേന്ദ്രങ്ങൾ ഉണ്ട്; വിശദാംശം നൽകാമോ;

(ബി) ഇവിടെ ശരാശരി ഒ.പി. എത്രയാണ്; ഇവിടെ ഡോക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഡോക്ടർമാർ നിലവിലില്ലാത്ത ആരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പാറശ്ശാലയിൽ ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ ഓഫീസ്</u>

4005 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ ഓഫീസ് പാറശ്ശാലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) അന്യസംസ്ഥാനത്തു നിന്ന് വരുന്ന പാലിലും, മത്സ്യത്തിലും മനുഷ്യന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രാസപദാർത്ഥങ്ങൾ ചേർക്കുന്നവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വലപ്പാട് കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്‍ററില്‍ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാന്‍ നടപടി</u>

4006 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്‍ററില്‍ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്നാണ് ലഭിച്ചത്;

(ബി) പ്രസ്തുത നിയമനം നടത്തുന്നതിന് നാളിതുവരെയായി എന്ത് നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) നിയമനം എന്നത്തേയ്ക്ക് നടക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സർജൻമാരുടെ ജില്ലതിരിച്ചുള്ള ഒഴിവുകൾ</u>

4007 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സർജൻമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ തീയതി അറിയിക്കാമോ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ സി.എച്ച്.സി കളിൽ പാറ്റേൺ അനുസരിച്ചുള്ള പോസ്റ്റ് ക്രിയേഷൻ നടപടികൾ</u>

4008 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മേലടി, തിരുവണ്ടൂർ എന്നീ സി.എച്ച്.സി കളിൽ സി.എച്ച്.സി പാറ്റേൺ അനുസരിച്ചുള്ള പോസ്റ്റ് ക്രിയേഷൻ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാറ്റേൺ അനുസരിച്ച് പോസ്റ്റ് ക്രിയേഷൻ എപ്പോൾ പ്രാവർത്തികമാക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലെ ഒഴിവുകൾ

4009 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മെഡിക്കൽകോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, മറ്റ് വിവിധ സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ 2013 മെയ് 31 വരെ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടായിരുന്നു;

(ബി) ഒഴിവുകൾ എല്ലാം നികത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ആശുപത്രികളിൽ വിവിധ തസ്തികകളിൽ ദിവസക്കൂലിക്ക് ആളുകളെ നിയമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പകർച്ചപ്പനി ഉൾപ്പടെയുള്ള രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

ഡോക്ടർമാരെ നിയമിക്കാൻ നടപടി

4010 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ ആശുപത്രികളിൽ വിവിധ കാറ്റഗറിയിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) സ്ഥിരമായി ഡോക്ടർമാരില്ലാതെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഐ.പി. യൂണിറ്റുള്ള മിക്ക ആശുപത്രികളിലും സ്ഥിരമായി ചാർജ്ജുള്ള ഡോക്ടർമാരില്ലാത്തതു കാരണം രോഗികളെ കിടത്തി ചികിത്സിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തിക നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക

4011 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ അനുവദിച്ചിട്ടുള്ളത് ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ്; ഇതനുസരിച്ച് ഓരോ അശുപത്രികളിലും വേണ്ട ലാബ് ടെക്നീഷ്യൻമാരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി., ടി.എച്ച്.ക്യു ആശുപത്രികൾ, ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ആശുപത്രി, മെഡിക്കൽ കേളേജുകൾ എന്നവയിലോരോന്നിലും ലാബ് ടെക്നീഷ്യൻ തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) പി.എച്ച്.സി മുതലുള്ള എല്ലാ ആശുപത്രികളിലും കുറഞ്ഞത് ഒരു ലാബ് ടെക്നീഷ്യനും ആവശ്യമായ ഉപകരണങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഇ-മെയിൽ കേസിലെ പ്രതിയായ ഡോക്ടറുടെ പെൻഷൻ</u>

T-4012 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-മെയിൽ വിവാദവുമായി ബന്ധപ്പെട്ട കേസിലെ പ്രതിയായ ദസ്തകീർ എന്ന ഡോക്ടർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>പുതിയ മെഡിക്കൽ കോളേജ് തുടങ്ങാൻ പദ്ധതി</u>

4013 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' ഡൊമിനിക് പ്രസന്റേഷൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ആശുപത്രികളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ മെഡിക്കൽ കോളേജ് തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തിക</u>

4014 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എത്ര അദ്ധ്യാപക തസ്തികകളാണുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിലും ഓരോ മെഡിക്കൽ കോളേജിലും എത്ര അദ്ധ്യാപക തസ്തികകളാണ് ഇപ്പോൾ ഒഴിവുള്ളതെന്നു വ്യക്തമാക്കുമോ;

(സി) 2011 മെയ് മാസത്തിനുശേഷം ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലെ അദ്ധ്യാപകർക്ക് ആറുമാസത്തിലധികം ദൈർഘ്യമുള്ള അവധി അനുവദിച്ചിട്ടുണ്ടെന്നുള്ള ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

## കാസർഗോഡ് മെഡിക്കൽ കോളേജ്

T-4015 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചത് എവിടെയാണ്; എത്ര സ്ഥലം; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തിയായി എന്ന് അറിയിക്കാമോ;

(സി) മെഡിക്കൽ കോളെജിന് ആകെ എന്ത് ചെലവാണ് കണക്കാക്കിയിരിക്കുത്;

(ഡി) പ്രസ്തുത തുക ഏത് രീതിയിലാണ് സ്വരൂപിക്കുന്നത് അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്</u>

4016 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് എന്നാരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>അവയവദാനത്തെ നിരുത്സാഹപ്പെടുത്തുന്ന നടപടികൾ</u>

4017 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണാനന്തരം ശരീരം പഠനാവശ്യത്തിന് മെഡിക്കൽ കോളേജുകൾക്ക് നൽകുന്നതിനും അവയവങ്ങൾ ദാനം ചെയ്യുന്നതിനും ജനങ്ങൾ മുന്നോട്ടുവന്നാലും ബന്ധപ്പെട്ടവർ ഇത് സ്വീകരിക്കുന്നതിന് മടികാണിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മരണാനന്തരം ശരീരവും അവയവങ്ങളും ദാനം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാമാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് മെഡിക്കൽ/ഡെന്റൽ കോളേജുകൾ</u>

4018 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ നിലവിൽ എത്ര മെഡിക്കൽ/ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ചികിത്സാ നിലവാരം, പഠന നിലവാരം എന്നിവ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കുമോ;

(സി) ഇവയുടെ വരവോടെ മെഡിക്കൽ വിദ്യാർത്ഥികളുടെ പഠന നിലവാരവും സേവന താല്പര്യവും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പഠന നിലവാരവും, സേവന തല്പരതയും വർദ്ധിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദമാക്കുമോ;

(എഫ്) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്വകാര്യ മെഡിക്കൽ കോളേജുകൾ ഏതെല്ലാം; വിശദമാക്കുമോ;

(ജി) ഇത്തരം കോളേജുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ മാനേജ്മെന്റുകളുമായുള്ള കേസ്</u>

4019 ശ്രീ.ഇ. പി. ജയരാജന്‍
ശ്രീമതി കെ. എസ്. സലീഖ
ശ്രീ.ആര്‍. രാജേഷ്
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം. ബി. ബി. എസ്. പ്രവേശനത്തില്‍ വ്യാപക ക്രമക്കേട് കണ്ടെത്തിയതിനെ തുടര്‍ന്ന് മുന്‍ വര്‍ഷം മെഡിക്കല്‍ കൗണ്‍സില്‍ ഓഫ് ഇന്ത്യ അംഗീകാരം റദ്ദാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ കോളേജുകളുടെ മാനേജര്‍മാര്‍ നല്‍കിയ കേസില്‍, സര്‍ക്കാര്‍ തോല്‍ക്കാനിടയായതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ;

(ബി) ഈ കേസില്‍ സര്‍ക്കാര്‍ സമര്‍പ്പിച്ച എതിര്‍ സത്യവാങ്മൂലത്തില്‍ പറഞ്ഞിരിക്കുന്ന കാര്യങ്ങള്‍ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ആയതിന്റെ പകര്‍പ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഈ കേസില്‍ അപ്പീല്‍ നല്‍കിയിട്ടുണ്ടോ; എങ്കില്‍ എന്നാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>താലൂക്കാശുപത്രിയുടെ സ്ഥലം സ്വകാര്യ ഫാർമസി കോളേജിനു കൈമാറിയ നടപടി</u>

4020 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി വക 1200 ചതുരശ്ര അടി കെട്ടിടവും ചുറ്റുമുള്ള സ്ഥലവും സ്വകാര്യ ഫാർമസി കോളേജ് ആയ ശ്രീകൃഷ്ണാ കോളേജ് ഓഫ് ഫാർമസിക്ക് വിട്ടുകൊടുക്കാനിടയായ സാഹചര്യവും കാരണവും വിശദമാക്കുമോ;

(ബി) ഇപ്രകാരം സർക്കാർ വക സ്ഥലം സ്വകാര്യ വ്യക്തികൾക്കു കൈമാറുന്നത് ആശാസ്യവും നിയമവിധേയവും ചട്ടപ്രകാരവും ആണോ;

(സി) ആണെങ്കിൽ ഏതു ചട്ടപ്രകാരമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി വക സ്ഥലം വിട്ടുകൊടുത്ത നടപടി

4021 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായിട്ടും, ഡി.ഫാം കോഴ്സ് അനുവദിക്കാതെ സ്വകാര്യ സ്ഥാപനമായ ശ്രീകൃഷ്ണാ കോളേജ് ഓഫ് ഫാർമസിയ്ക്ക് ഡി.ഫാം കോഴ്സ് ആരംഭിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി വക സ്ഥലം വിട്ടുകൊടുക്കുവാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

**കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സർക്കാരുമായി ഉണ്ടാക്കിയ കരാർ**

4022 ശ്രീ. ജി. സുധാകരൻ
'' റ്റി. വി. രാജേഷ്
ഡോ. കെ. ടി. ജലീൽ
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ നിന്നു പിന്മാറുകയാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; കരാറിൽ നിന്ന് പിന്മാറാൻ എന്താണ് കാരണമെന്നറിയിക്കാമോ; കരാറിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഈ സംഘടനയുമായി ഏർപ്പെട്ട കരാർ നിയമസാധുത ഉള്ളതാണോ; എങ്കിൽ ഏകപക്ഷീയമായി കരാറിൽ നിന്നു പിൻവാങ്ങുന്നതിനെതിരെ നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ കൗൺസിലിന്റെ വിജ്ഞാപന പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്ത ഈ കോളേജുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചെന്നറിയിക്കാമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ പ്രവേശനത്തിലെ സ്പെഷ്യൽ സംവരണം</u>

4023 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷം ആംഗ്ലോ ഇന്ത്യൻ, യഹൂദ, ജൂത സ്പെഷ്യൽ സംവരണ പ്രകാരം പ്രൊഫഷണൽ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിച്ചവരുടെ പൂർണ്ണ വിവരം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>ആയുഷ് പദ്ധതി</u>

4024 ശ്രീ. പി. തിലോത്തമൻ
'' ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആയുഷ്' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജനങ്ങൾക്ക് സ്വീകാര്യമായ ചികിത്സാ രീതി തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഔഷധ സസ്യങ്ങളുടെ വ്യാപനം</u>

4025 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആയതിനായി ഏതെങ്കിലും സംഘടനകളെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ സന്നദ്ധസംഘടനകളെ സഹകരിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടുകൾ</u>

4026

ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലാടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ</u>

4027 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപകമായതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ വകുപ്പുകൾ സംയോജിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പകർച്ചപ്പനി തടയുന്നതിനും പ്രതിരോധത്തിനുമായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

സിദ്ധ ഡിസ്പെൻസറികൾ

4028 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1986 - നു ശേഷം ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ എത്ര സിദ്ധ ഡിസ്പെൻസറികളും, ആശുപത്രികളും തുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിൽ നിന്ന് സിദ്ധ ഡിസ്പെൻസറികളും, ആശുപത്രികളും ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) സർക്കാർ തലത്തിൽ നിലവിൽ പുതിയ സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ഡി) സർക്കാർ തലത്തിൽ സിദ്ധ ചികിത്സാ പഠനത്തിന് മെഡിക്കൽ കോളേജോ, ഗവേഷണ സ്ഥാപനങ്ങളോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് സിദ്ധ ആശുപത്രിയുടെ പദവി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

<u>സിദ്ധ, യുനാനി, ഡിസ്പെൻസറികൾ അനുവദിച്ചതിന്റെ വിശദാംശം</u>

4029 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരോഗ്യ വകുപ്പിന് കീഴിൽ സിദ്ധ, യുനാനി ഡിസ്പെൻസറികൾ പുതുതായി അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സിദ്ധ, യുനാനി ഡിസ്പെൻസറികൾ തുടങ്ങണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

'സിദ്ധ' ചികിത്സാ കേന്ദ്രങ്ങൾ

4030 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര 'സിദ്ധ' ചികിത്സാ കേന്ദ്രങ്ങളാണ് സർക്കാർ മേഖലയിൽ ഉള്ളത്; അവയുടെ ഗ്രേഡ് തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സിദ്ധ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; വിശദമാക്കുമോ;

(സി) ജില്ലാ ആയുർവേദാശുപത്രിയോടനുബന്ധിച്ച് സിദ്ധ ഡിസ്പെൻസറികൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സിദ്ധ ആശുപത്രി സ്ഥാപിക്കാൻ നടപടി</u>

4031 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുറക്കാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ ആരോഗ്യമിഷനു കീഴിൽ ഒരു സിദ്ധ ആശുപത്രി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകൾ</u>

4032 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ഇറങ്ങുന്ന എല്ലാ മരുന്നുകളുടേയും സാംപിളുകൾ പരിശോധിക്കാറുണ്ടോ; ഓരോ സാംപിളും പരിശോധിക്കുവാൻ എത്ര സമയമാണ് എടുക്കുന്നത്;

(ബി) മരുന്നുകൾ കാലാവധി തീർന്നശേഷവും ഗുണനിലവാര പരിശോധന റിപ്പോർട്ടുകൾ പുറത്തു വന്നിട്ടില്ല എന്നതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കാൻ അനുമതിയുള്ള സ്ഥാപനങ്ങൾ</u>

4033 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കാൻ സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കാണ് ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസ് നൽകിയിട്ടുളളത്;

(ബി) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വെള്ളുവമ്പ്രം ഗവ. ആയുർവേദ ആശുപത്രി</u>

4034 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളുവമ്പ്രം ഗവ. ആയുർവേദ ആശുപത്രിയെ 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിരുന്നുവോ; എങ്കിൽ എന്നാണ് ഉയർത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് ആവശ്യപ്പെട്ടത്; ഇതിന് മറുപടി ലഭിച്ചിട്ടുണ്ടോ;

(ഇ) വെള്ളുവമ്പ്രം ആയുർവേദ ആശുപത്രിയിലെ തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും ഹോമിയോ/ആയുർവേദ ക്ലീനിക്കുകൾ</u>

4035 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ/ ആയുർവേദ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(സി) വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്; നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഹോമിയോ ഡിസ്പെൻസറികൾ

4036 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലാത്ത പഞ്ചായത്തുകളിൽ അടിയന്തിരമായി ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**പകർച്ചപ്പനി നിയന്ത്രിക്കാൻ ഹോമിയോ ചികിത്സാ വിഭാഗം സ്വീകരിച്ച നടപടികൾ**

4037 ശ്രീമതി കെ. എസ് സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി നിയന്ത്രിക്കാൻ ഹോമിയോ ചികിത്സാ വിഭാഗത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ബി) പകർച്ചപ്പനി വ്യാപകമായതിനു ശേഷം 2013 ജനുവരി മുതൽ ഹോമിയോ ചികിൽസയ്ക്കായി എത്ര രോഗികൾ എത്തി; അവരിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ചികിത്സ മെച്ചപ്പെടുത്താൻ എന്തെല്ലാം അധിക സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു; വിശദമാക്കുമോ;

(ഡി) എത്ര ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് ഹോമിയോ മേഖല നേരിടുന്നു; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പുതുതായി ഹോമിയോ ഡിസ്പെൻസറി

4038 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് നിർദ്ദേശമുണ്ടോ; എങ്കിൽ എത്ര ഡിസ്പെൻസറികൾ എവിടെയെല്ലാം തുടങ്ങുന്നു എന്ന് അറിയിക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങണമെന്ന നിർദ്ദേശത്തിൻമേൽ ഹോമിയോപ്പതി ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുവാൻ ശുപാർശ

4039 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 വാർഷിക പദ്ധതി പ്രകാരം 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുവാൻ ഹോമിയോ ഡയറക്ടർ ശുപാർശ ചെയ്തതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശുപാർശയിൽ പറയുന്ന 50 സ്ഥലങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപെട്ടവർ കൂടുതലായുള്ള ആറ്റിങ്ങൽ മണ്ഡലത്തിലെ മണമ്പൂർ, ഒറ്റൂർ പഞ്ചായത്തുകൾ ഇതിൽപെടുന്നുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ദേവസ്വം ബോർഡിനു കീഴിലുള്ള മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പ്</u>

4040 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിനു പുറമേ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ഏതെല്ലാം ക്ഷേത്രങ്ങളിലെ മേൽശാന്തിമാരെയാണ് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തത്;

(ബി) നറുക്കെടുപ്പിന് യോഗ്യരായ മേൽശാന്തിമാരെ തെരഞ്ഞെടുത്തത് അപേക്ഷ പരിഗണിച്ചാണോ, കൂടിക്കാഴ്ചക്ക് ശേഷമാണോ എന്ന് വ്യക്തമാക്കുമോ;

(സി) കൂടിക്കാഴ്ച നടത്തിയെങ്കിൽ ആരെല്ലാം ഉൾപ്പെട്ട സമിതിയാണ് കൂടിക്കാഴ്ച നടത്തിയത്;

(ഡി) മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്രത്തിൽ മേൽശാന്തിയാവാൻ നറുക്കെടുപ്പിന് യോഗ്യത നേടിയവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ സബ് ഗ്രൂപ്പ് ആഫീസുകൾ</u>

4041 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ആകെ എത്ര സബ് ഗ്രൂപ്പ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ സബ് ഗ്രൂപ്പിലെയും വരുമാനം കൂടിയ ക്ഷേത്രങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ സബ് ഗ്രൂപ്പിന്റെയും അധീനതയിലുള്ള ക്ഷേത്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് നിലവിലെ സബ് ഗ്രൂപ്പുകളുടെ ഘടന പുന:സംഘടിപ്പിക്കാൻ ആലോചനയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**26.06.2013–ലെ മറുപടിക്ക്**

<u>കായംകുളം മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങൾ</u>

4042 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഏതൊക്കെ ക്ഷേത്രങ്ങളെയാണ് ശബരിമല ഇടത്താവളങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) എന്തു തുക വീതമാണ് ഇടത്താവളത്തിന് ഗ്രാന്റായി നൽകുന്നത്;

(സി) എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ഇടത്താവളമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പുരാതന ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് നടപടി</u>

4043 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വക പുരാതന ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന താമരശ്ശേരി കോട്ടയിൽ ഭഗവതി ക്ഷേത്രത്തിന്റെ വിശാലമായ കുളം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കായംകുളം അസംബ്ലി മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ വിശദാംശം</u>

4044 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങളാണുളളത്; അവ ഏതൊക്കെ; വിശദമാക്കാമോ;

(ബി) 2012-2013 ൽ പ്രസ്തുത ക്ഷേത്രങ്ങളിൽ ഓരോന്നിൽ നിന്നും ലഭിച്ച വരുമാനം എത്രയാണ്; വിശദമാക്കാമോ?